# വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(സാന്നിദ്ധ്യം : അനുപമ T.V IAS)**

വിഷയം : വനിത ശിശു വികസന വകുപ്പ് -2019-20- ICDS വയനാട് ജില്ലയിലെ അങ്കണവാടികൾക്ക് കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നത് - തുക അനുവദിച്ച് ഉത്തരവ്പുറപ്പെടുവിക്കുന്നു.

പരാമർശം: 1) കേന്ദ്ര സർക്കാരിന്റെ F No. CD II-14/1/2018 CD II, തീയതി 09-05-18.
2) സർക്കാർ ഉത്തരവ് (സാധാ) നമ്പർ 464/2019 സാനീവ തീയതി 28-07-2019.
3) ഈ കാര്യാലയത്തിലെ ഉത്തരവ് നം. ICDS/B5/8454/19, തീയതി 20-02-2020
4) സ.ഉ (ആർ. റ്റി) നം.2331/2021/Fin, തീയതി : 15-03-2021.
5) വയനാട് പ്രോഗ്രാം ഓഫീസറുടെ കത്ത് നമ്പർ ബി-1097/19 തീയതി 18-03-2021.

## ഉത്തരവ് നമ്പർ ICDS/B5-8454/19 തീയതി: 22/03/2021

കേന്ദ്ര സർക്കാർ വിവിധ സംസ്ഥാനങ്ങളിലെ 115 ജില്ലകളെ Aspirational ജില്ലകളായി തെരഞ്ഞെടുത്തിട്ടുണ്ട്. കേരളത്തിൽ നിന്നും വയനാട് ജില്ലയെ മാത്രമാണ് Aspirational ജില്ലയായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് കേന്ദ്ര സർക്കാർ പരാമർശം (1) പ്രകാരം അറിയിച്ചിരുന്നു.

Aspirational ജില്ലയായി തെരഞ്ഞെടുത്ത വയനാട്ടിലെ സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികൾക്ക് കുടിവെള്ള സംവിധാനം ലഭ്യമാക്കുന്നതിനായി 66.30 ലക്ഷം രൂപ പരാമർശം (2) പ്രകാരം അനുവദിക്കുകയും വയനാട് പ്രോഗ്രാം ഓഫീസർക്ക് 434 അങ്കണവാടികൾകൾക്കുള്ള തകയായ 43.4 ലക്ഷം രൂപ പരാമർശം (3) പ്രകാരം അനുവദിച്ച് നല്കുകയും ചെയ്തിരുന്നു. എന്നാൽ 277 അങ്കണവാടികൾക്കുള്ള തുകയായ 27.70 ലക്ഷം രൂപ 2019-20 ൽ മാറുവാൻ

കഴിയാതെ ട്രഷറി ക്യൂവിൽ ആയി മാറുകയും ടി ഫണ്ട് റീ അപ്രോപ്രിയേഷൻ മുഖേനെ അനുവദിച്ച് കൊണ്ട് നടപ്പ് സാമ്പത്തിക വർഷം വിനിയോഗിക്കുന്നതിന് പരാമർശം (4) പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുക അനുവദിക്കേണ്ട ICDS പ്രോജക്ടുകളുടെ വിശദാംശങ്ങൾ പരാമർശം (5) പ്രകാരം പ്രോഗ്രാം ഓഫീസർ ലഭ്യമാക്കിയിട്ടുണ്ട്.

ടി സാഹചര്യത്തിൽ വയനാട് ജില്ലയിലെ മേൽ പരാമർശിച്ച് 277 അങ്കണവാടികളിൽ കുടിവെള്ള സൗകര്യം ഒരുക്കുന്നതിനായി ചുവടെ വിവരിക്കുന്ന ICDS പ്രോജക്ടുകൾക്ക് ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പ്രൊജക്ട് | അങ്കണവാടികളുടെ എണ്ണം | അനുവദിക്കുന്ന തുക |
|---|---|---|---|
| 1. | കൽപ്പറ്റ | 40 | 4,00,000 |
| 2. | കൽപ്പറ്റ അഡീഷണൽ | 37 | 3,70,000 |
| 3. | പനമരം | 66 | 6,60,000 |
| 4. | മാനന്തവാടി | 69 | 6,90,000 |
| 5. | മാനന്തവാടി അഡീഷണൽ | 65 | 6,50,000 |
| | **ആകെ** | 277 | **27,70,000** |

പരാമർശം (3) പ്രകാരമുള്ള ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി CDPO മാർ നടപ്പ് സാമ്പത്തിക വർഷം തന്നെ തുക തദ്ദേശസ്വയംഭരണ സ്ഥാപനത്തിനു കൈമാറേണ്ടതാണ്. ധനവിനിയോഗ സാക്ഷ്യപത്രവും റിപ്പോർട്ടും വയനാട് പ്രോഗ്രാം ഓഫീസർ യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

ഇതിലേയ്ക്ക് ആവശ്യമായ ആകെ തുകയായ 27,70,000/-രൂപ (ഇരുപത്തി ഏഴ് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-30 (P) ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഒപ്പ്)

വനിത ശിശു വികസന ഡയറക്ടർ

പ്രോഗ്രാം ഓഫീസർ , വയനാട്.

പകർപ്പ്:

1) ജില്ലാ വനിത ശിശു വികസന ഓഫീസർ ,വയനാട്.
2) ബന്ധപ്പെട്ട CDPO മാർക്ക്
3) സൂപ്രണ്ട്, A സെക്ഷൻ (ഫണ്ട് അനുവദിക്കുന്നതിനായി).
4) സൂപ്രണ്ട്, പ്ലാനിംഗ് സെൽ
5) വെബ്സൈറ്റ്
6) സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

112

# വനിത ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ

**(സാന്നിദ്ധ്യം : അനുപമ T.V IAS)**

വിഷയം : വനിത ശിശു വികസന വകുപ്പ് -2019-20- ICDS വയനാട് ജില്ലയിലെ അങ്കണവാടികൾക്ക് കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നത് – തുക അനുവദിച്ച് ഉത്തരവ്പുറപ്പെടുവിക്കുന്നു.

പരാമർശം: 1) കേന്ദ്ര സർക്കാരിന്റെ F No. CD II-14/1/2018 CD II തീയതി 09-05-18.
2) കേന്ദ്ര സർക്കാരിന്റെ 01-03-19ലെ CD II/11/14/7/ 2017-CD II നമ്പർ കത്ത്.
3) സർക്കാർ ഉത്തരവ് (സാധാ) നമ്പർ 464/2019 സാനീവ തീയതി 28-07-2019.
4) വയനാട് പ്രോഗ്രാം ഓഫീസറുടെ കത്ത് നമ്പർ ബി-366/19 തീയതി 14-01-2020.

## ഉത്തരവ് നമ്പർ ICDS/B5-8454/19 തീയതി: 20/02/2020

കേന്ദ്ര സർക്കാർ ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിലെ 115 ജില്ലകളെ Aspirational ജില്ലകളായി തെരഞ്ഞെടുത്തിട്ടുണ്ട്. കേരളത്തിൽ നിന്നും വയനാട് ജില്ലയെ മാത്രമാണ് Aspirational ജില്ലയായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് കേന്ദ്ര സർക്കാർ പരാമർശം (1) പ്രകാരം അറിയിച്ചിരിക്കുന്നു.

Aspirational ജില്ലയായി തെരഞ്ഞെടുത്ത വയനാട്ടിലെ സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികൾക്ക് കുടിവെള്ള സംവിധാനം ലഭ്യമാക്കുന്നതിനായി പരാമർശം (2) പ്രകാരം കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ട്. 663 അങ്കണവാടികൾക്ക് കുടിവെള്ളം ലഭിക്കുന്നതിനായി ഒരു അങ്കണവാടിക്ക് 10,000/-രൂപ നിരക്കിൽ ആകെയുള്ള 66.3 ലക്ഷം രൂപയിൽ കേന്ദ്ര വിഹിതമായ 39.78 ലക്ഷം രൂപ പരാമർശം (2) പ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. എന്നാൽ 434 അങ്കണവാടി കൾക്കാണ് വയനാട് പ്രോഗ്രാം ഓഫീസർ പരാമർശം (4) പ്രകാരം അപേക്ഷിച്ചിട്ടുള്ളത്.

അങ്കണവാടികളിൽ കുടിവെള്ള സൗകര്യം ഒരുക്കുന്നതിനായി അനുവദിക്കുന്ന തുക അതത് ശിശു വികസന പദ്ധതി ഓഫീസർമാർ വഴി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എൻജിനീയർ വഴി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതിയും 434 അങ്കണവാടികൾക്ക് ആവശ്യമായി വരുന്ന തുകയായ 43,40,000/-രൂപ (നാൽപത്തി മൂന്ന് ലക്ഷത്തി നാൽപതിനായിരം രൂപ മാത്രം) 2235-02-102-30 (P) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനും പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന് വേണ്ടി ലഭ്യമായ തുക കൂടാതെ അധികമായി ആവശ്യമുള്ള തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി കണ്ടെത്താനും ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

വയനാട് ജില്ലയിൽ സ്വന്തമായി കെട്ടിടമുള്ള 434 അങ്കണവാടികൾക്ക് കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിന് 43,40,000/-രൂപ (നാൽപത്തി മൂന്ന് ലക്ഷത്തി നാൽപതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. ശിശു വികസന പദ്ധതി ഓഫീസർമാർക്ക് അനുവദിക്കേണ്ട തുക ഇതോടൊപ്പം ചേർത്തിട്ടുള്ള അനുബന്ധം A പ്രകാരം വയനാട് പ്രോഗ്രാം ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു. ഒരു അങ്കണവാടിക്ക് 10,000/-രൂപ നിരക്കിലാണ് തുക അനുവദിക്കേണ്ടത്. ടി തുക നടപ്പ സാമ്പത്തിക വർഷത്തെ 2235-02-102-30 (P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾപ്രകാരം അനുബന്ധം B ആയി നൽകിയിട്ടുള്ള അങ്കണവാടികൾക്കാണ് കുടിവെള്ള സൗകര്യം ലഭ്യമാക്കേണ്ടത്.

തുക ചെലവഴിച്ചതിന് ശേഷം വയനാട് പ്രോഗ്രാം ഓഫീസർ ധനവിനിയോഗ സാക്ഷ്യപത്രവും റിപ്പോർട്ടും ഈ കാര്യാലയത്തിൽ നൽകേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർ

പ്രോഗ്രാം ഓഫീസർ,വയനാട്.

പകർപ്പ്:
1) ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക്.
2) സൂപ്രണ്ട്, A സെക്ഷൻ (ഫണ്ട് അനുവദിക്കുന്നതിനായി).
3) സൂപ്രണ്ട്, ITസെക്ഷൻ.
4) സ്റ്റോക്ക് ഫയൽ/സ്പെയർ

ജികെ/